പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 223 23.01.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ട്രെയിനിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് ഏതൊക്കെ സ്വകാര്യ കമ്പനികളെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്; | (എ) | സ്വകാര്യ കമ്പനികളെ തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ കെ.എസ്.ആർ.റ്റി.സി.യും മഹീന്ദ്രാ & മഹീന്ദ്രായുടെ പ്രൈഡ് സ്കൂളുമായി സംയോജിച്ച് തിരുവനന്തപുരം ജില്ലയിലെ 4,000 ത്തോളം കണ്ടക്ടർ വിഭാഗം ജീവനക്കാർക്കായി വ്യക്തിമര്യാദകളെ കുറിച്ചും, യാത്രക്കാരോടുള്ള പെരുമാറ്റത്തെകുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. |
| (ബി) | ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; | (ബി) യും (സി) യും | ഇല്ല. |
| (സി) | ഇല്ലെങ്കിൽ ,ട്രെയിനിംഗിന്റെ മറവിൽ കെ.എസ്.ആർ.ടി.സി. യുടെ ഏതെങ്കിലും ചുമതല സ്വകാര്യസ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (ഡി) | ഓപ്പറേറ്റിംഗ് സ്റ്റാഫുകൾക്ക് പരിശീലനം നൽകുന്നതു പോലെ മിനിസ്റ്റീരിയൽ സ്റ്റാഫിനും അവരുടെ സേവനം, ഓപ്പറേറ്റിംഗ് തൊഴിലാളികളോടുള്ള ഇടപെടൽ, ഓഫീസ് മര്യാദകൾ എന്നീ മേഖലകളിൽ മികവു വർദ്ധിപ്പിക്കുവാനാവശ്യമായ ട്രെയിനിംഗ് നൽകുമോ? | (ഡി) | നിലവിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനും, പരിശീലനം നല്കി വരുന്നു. ടി രീതി തുടർന്നും അവലംബിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ